**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.945.** **04.03.2020 ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി ചെലവഴിച്ച തുക**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്.<br>ശ്രീ.വി.ടി.ബൽറാം. | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | ലഹരി വിരുദ്ധ ബോധവൽക്കരണത്തിനും വിമുക്തി ലഹരി വിമുക്ത പരിപാടികൾക്കുമായി ഈ സർക്കാർ ഇതുവരെ നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാം; വിശദാംശം നൽകുമോ; | (എ) | എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലും, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ് തലങ്ങളിലും രൂപീകരിച്ച വിമുക്തി കമ്മിറ്റികൾ മുഖാന്തിരവും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തിരവും വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും, സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതാണ്. കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br>ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 'നാളത്തെകേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 2019 നവംബർ 1 മുതൽ ഒരു തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>'നാളത്തെകേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനും, ലഹരിക്ക് അടിമപ്പെട്ടവരുടെ അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്തുന്നതിന് ലക്ഷ്യമിട്ട് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ വഴി നിരന്തരം ലഹരി വിരുദ്ധസന്ദേശങ്ങൾ നൽകി വരുന്നു. ടി.വി ചാനലുകൾ, സിനിമാ തീയറ്ററുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെയും ലഹരിക്കെതിരായുള്ള സന്ദേശം |

| | | | |
|---|---|---|---|
| | | | പ്രചരിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും എത്തുന്ന ബോധവൽക്കരണ പരിപാടികളും ലഹരി ചികിത്സാ സംരംഭങ്ങളും തീവ്രയത്ന ബോധവൽക്കരണ പരിപാടിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.<br>തീവ്രയത്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ യോഗങ്ങൾ നടന്നുവരുന്നു. വിദ്യാർത്ഥികളെയും, അധ്യാപകരെയും, ഗ്രന്ഥശാലാ പ്രവർത്തകരെയും, യുവജനങ്ങളെയും അണിനിരത്തി ഭവന സന്ദർശനം നടത്തിയുള്ള ബോധവൽക്കരണം, ലഹരിക്കെതിരെ വിമുക്തി, ജ്വാല (ദീപം തെളിയിക്കൽ) എന്നീ പരിപാടികളും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രതിജ്ഞ എടുത്തിട്ടുള്ളതും ഇതോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വാർഡ് തലത്തിൽ 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി 'വിമുക്തി സേന' എന്ന പേരിൽ ലഹരി വിരുദ്ധ പ്രവർത്തകരുടെ ചെറുയൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുള്ളതാണ്.<br>ലൈബ്രറി കൗൺസിലുമായി സഹകരിച്ച് സംസ്ഥാനത്തെ 7500 ഗ്രന്ഥ ശാലകൾ കേന്ദ്രീകരിച്ചും സംസ്ഥാനത്തെ വിവിധ റെസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ചും, ട്രേഡ് യൂണിയനുകൾ, ക്ഷേമനിധിബോർഡുകൾ, യുവജനസംഘടനകൾ, സർവ്വകലാശാലാ യൂണിയനുകൾ എന്നിവയുമായി സഹകരിച്ചും വിവിധ പരിപാടികൾ നടത്തി വരുന്നു.<br>യുവജനങ്ങൾക്കായി സൈക്ലത്തോൺ, വാക്കത്തോൺ, ബൈക്കത്തോൺ, റാലികൾ, കൂട്ടയോട്ടങ്ങൾ, മനുഷ്യ ചങ്ങലകൾ എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഹരി വിരുദ്ധ മാരത്തോൺ സംഘടിപ്പിച്ചിട്ടുള്ളതാണ്. സ്പോർട്സ് കൗൺസിൽ,യുവജനക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് ലഹരിക്കെതിരെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. എക്സൈസ് ബോധവൽക്കരണ വിഭാഗത്തിന്റെ ബോധവൽക്കരണ മൊബൈൽ യൂണിറ്റ് വിവിധ പരിപാടികളുടെ അകമ്പടിയോടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ബോധവൽക്കരണ കേരള പര്യടനം നടത്തിയിട്ടുള്ളതാണ്. ആദിവാസി ഊരുകളിൽ |

<table>
<tr><td></td><td></td><td></td><td>താമസിച്ച വരുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ വച്ച് പരിശീലനം നൽകുകയുണ്ടായി.</td></tr>
<tr><td>(ബി)</td><td>ഇതിനായി ഇതുവരെ എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് തരംതിരിച്ച് വിശദമാക്കാമോ;</td><td>(ബി)</td><td>
<table>
<tr><th>സാമ്പത്തിക വർഷം</th><th>ശീർഷകങ്ങൾ</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2016-17</td><td>2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം.</td><td>85,00,000</td></tr>
<tr><td>2016-17</td><td>2039-00-800-95 ബോധവൽകരണവും, മദ്യം, മയക്ക്മരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും.</td><td>0</td></tr>
<tr><td>2016-17</td><td>2039-00-001-88 വിമുക്തി പ്ലാൻ</td><td>5,91,83,056</td></tr>
<tr><td></td><td>ആകെ</td><td>6,76,83,056</td></tr>
</table>
<table>
<tr><th>സാമ്പത്തിക വർഷം</th><th>ശീർഷകങ്ങൾ</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2017-18</td><td>2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം.</td><td>52,55,129</td></tr>
<tr><td>2017-18</td><td>2039-00-800-95 ബോധവൽകരണവും, മദ്യംമയക്ക്മരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും.</td><td>5,76,131</td></tr>
<tr><td>2017-18</td><td>2039-00-001-88 വിമുക്തി പ്ലാൻ</td><td>2,37,70,384</td></tr>
<tr><td></td><td>ആകെ</td><td>2,96,01,644</td></tr>
</table>
<table>
<tr><th>സാമ്പത്തിക വർഷം</th><th>ശീർഷകങ്ങൾ</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2018-19</td><td>2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം.</td><td>39,82,000</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| 2018-19 | 2039-00-800-95 ബോധവൽകരണവും, മദ്യം, മയക്ക്മരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും. | 37,94,693 |
| 2018-19 | 2039-00-001-88 വിമുക്തി പ്ലാൻ | 11,98,42,073 |
| | ആകെ | 12,76,18,766 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 2039-00-001-95 മദ്യാസക്തിക്കെതിരെ യുള്ള പ്രചരണം. | 50,00,000 |
| 2019-20 | 2039-00-800-95 ബോധവൽകരണവും, മദ്യം, മയക്ക്മരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും. | 4,95,856 |
| 2019-20 | 2039-00-001-88 വിമുക്തി പ്ലാൻ | 11,75,65,560 |
| | ആകെ | 12,30,61,416 |

| | | | |
|---|---|---|---|
| (സി) | ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ വഴി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരിമുക്ത സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലെത്തിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവരുടെ അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ